ങ്ങളിൽ വളരെ താഴ്ന്ന വിജയശതമാനം ഉണ്ടായിരുന്ന സ്കൂളുകളെ പ്രത്യേകമായി ശ്രദ്ധിക്കുകയും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തു. കണക്ക്, സയൻസ് എന്നീ പ്രയാസമുള്ള വിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുകയുണ്ടായി.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്)അപേക്ഷ സമർപ്പിക്കുന്നവർക്ക് ഉത്തരക്കടലാസ്സിന്റെ പകർപ്പ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. പരീക്ഷാ സമ്പ്രദായം കൂടുതൽ സുതാര്യമാക്കുവാനാണ് ഈ നടപടി.

(ജി) അങ്ങനെ നിജപ്പെടുത്തുന്നത് നീതി പൂർവ്വമായിരിക്കുകയില്ല.

(എച്ച്) തൽക്കാലം പരിഗണനയിലില്ല.

8 (*35) കേരളോത്സവം

<u>ശ്രീ. ബാബു ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി പിന്നോക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള കേരളോത്സവം വിപുലമായും കുറ്റമറ്റതായും നടത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കേരളോത്സവത്തെ സംബന്ധിച്ച് യുവജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ;

(സി) കേരളോത്സവത്തിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്ത സംഘടനകൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകുന്നതിനായി സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ, ബ്ലോക്ക് തലങ്ങളിൽ കേരളോത്സവ നടത്തിപ്പിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) :

(എ) മുൻ വർഷങ്ങളിൽ നടത്തപ്പെട്ട കേരളോത്സവത്തിൽനിന്നും വിഭിന്നമായി, ഓരോതലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ, മുനിസിപ്പൽ ചെയർമാൻ, കോർപ്പറേഷൻ മേയർ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവരുമായി ചർച്ച ചെയ്ത് അതാത് തലങ്ങളിൽ മേളകൾ സമയബന്ധിതമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേരളോത്സവത്തിന്റെ നടത്തിപ്പിന് ചുമതലയുള്ള സംഘാടക സമിതികൾ രൂപീകരിക്കാനും, അവ മേളയുടെ നടത്തിപ്പിന് മുമ്പേ രണ്ട് തവണ എങ്കിലും കൂടി പരിപാടികൾ തയ്യാറാക്കാനും തീരുമാനിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനതലത്തിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം, സംസ്ഥാന/ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കലാ-കായിക രംഗങ്ങളിലെ വിജയികൾക്ക് സമ്മാനപണം (പ്രൈസ് മണി) കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളോത്സവം കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി കേരളോത്സവ വിജയികൾക്ക് സമ്മാനപണം (പ്രൈസ് മണി) നൽകാൻ തീരുമാനിച്ചു. യുവജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇത്തവണത്തെ സംസ്ഥാനതല കേരളോത്സവം, നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഉൾപ്രദേശങ്ങളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളോത്സവത്തിൽ പങ്കെടുത്ത്, ജില്ലാ/സംസ്ഥാന തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ് മണി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കേരളോത്സവം നടത്തുന്നതിന് എല്ലാ തലങ്ങളിലും രൂപീകരിക്കുന്ന സംഘാടക സമിതികൾ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതും, തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ തലങ്ങളിലും ഒരു "ജൂറി ഓഫ് അപ്പീൽ" ഉണ്ടായിരിക്കുന്നതും അവരുടെ തീരുമാനങ്ങൾ അതാത് തലങ്ങളിലെ ഉത്സവത്തെ സംബന്ധിച്ച് അന്തിമമായിരിക്കുന്നതുമാണ്.

9 (*36) തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ, ബാംബൂ കോർപ്പറേഷൻ, ഖാദി ഗ്രാമവ്യവസായം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്ത്;

(സി) സംസ്ഥാനത്ത് പ്ലാന്റേഷൻ ബാംബുകോർപ്പറേഷൻ, ഖാദി ഗ്രാമ വ്യവസായം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ഭവന നിർമ്മാണ പദ്ധതിപ്രകാരം ഓരോ ഭവനത്തിന്റെയും നിർമ്മാണത്തിനായി എന്ത് തുക വായ്പയായി നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പ്ലാന്റേഷൻ, ബാംബൂ കോർപ്പറേഷൻ എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചില അധിക ആനുകൂല്യങ്ങളോടെയും (അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്നു)[†] ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മൈത്രീ ഭവന പദ്ധതിയുടെ വ്യവസ്ഥകൾക്ക്

[†] അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly